ശ്രീ. കെ. ഇ.ചക്കുരൻ : പാലക്കാട്ട് നെഴ്സറിസ്കൂളിൽ ഫീസ് കൊടുക്കാമെന്നു പറഞ്ഞിട്ടും ചേർത്തിട്ടില്ല. അതു ഗ്രാൻറുള്ള സ്കൂളാണ്.

മി. സ്പീക്കർ : അതു അന്വേഷിക്കാമെന്നു പറഞ്ഞു.

ശ്രീമതി കുസുമം ജോസഫ് : സ്കൂളുകൾക്കു അംഗീകാരം കൊടുക്കണമോ എന്നു തീരുമാനിക്കുന്നതിനു മുമ്പു എന്തിനാണ് അപേക്ഷകരെ ക്ഷണിച്ചതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അപേക്ഷ ക്ഷണിച്ചതുകൊണ്ടു എല്ലാവർക്കും അംഗീകാരം കൊടുത്തുകൊള്ളണമെന്നില്ല. കണ്ടിഷൻ സാറ്റിസ്ഫൈ ചെയ്യുന്നുണ്ടോ എന്നു നോക്കിയായിരിക്കും അംഗീകാരം കൊടുക്കുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ ഗവണ്മെൻറിന്റെ സാമ്പത്തിക നില നന്നാക്കാൻ കുറെയധികം ഉദ്യോഗങ്ങൾക്കു് ഫീസ് നിശ്ചയിച്ചു് അപേക്ഷകരെ ക്ഷണിക്കുമോ ?

**Mr. Speaker :** That question need not be answered.

ശ്രീ. പി. ടി. ചാക്കോ : മന്ത്രി പറഞ്ഞതിൽനിന്നും ഇത്രവരെ അപേക്ഷിച്ച ഒരു സ്കൂളും കണ്ടിഷൻ സാറ്റിസ്ഫൈ ചെയ്യുന്നില്ലെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അപേക്ഷകരെ പരിശോധിച്ചു് കണ്ടിഷൻ സാറ്റിസ്ഫൈ ചെയ്യുന്നതു് അംഗീകരിക്കാൻ ഡിപ്പാർട്ടുമെൻറ് ആലോചിക്കയാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എൻ. ഇ. എസ്സു്. ബ്ലോക്കുകളിൽ ബ്ലോക്കധികൃതരുടെ നേതൃത്വത്തിൽ ചില സ്കൂളുകൾ തുറന്നിട്ടുള്ളതിനു് ഗ്രാൻറു കൊടുക്കുന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ആ സ്കൂളുകൾക്കു ബ്ലോക്കിൽനിന്നും ഗ്രാൻറു കിട്ടുന്നുണ്ടായിരിക്കും. ഡിപ്പാർട്ടുമെൻറിൽനിന്നും കൊടുക്കുന്നില്ല.

## സംസ്കൃതം പഠിപ്പിച്ചുവരുന്ന ഹൈസ്കൂളുകൾ.

* 1441. [25] ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൽ എത്ര ഹൈസ്കൂളുകളിൽ സംസ്കൃതം പഠിപ്പിച്ചുവരുന്നുണ്ടു് ;

(ബി) സംസ്കൃത ക്ലാസ്സുകൾ ഏർപ്പെടുത്തിയ ചില സ്കൂളുകളിൽ സംസ്കൃതം പഠിപ്പിക്കുവാൻ യോഗ്യതയുള്ള അദ്ധ്യാപകന്മാരില്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഇതിനെക്കുറിച്ചു് ഒരന്വേഷണം നടത്തി അടിയന്തിര നടപടി കൈക്കൊള്ളുവാൻ ഗവണ്മെൻറു മുതിരുമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ. സി), ഇതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിവരുന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly